**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6301** **20-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങളുടെ ദാരിദ്ര്യം ഉന്മൂലനം ചെയ്യാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രവർഗങ്ങളിൽ ഉൾപ്പെട്ടവർക്കിടയിലെ ദാരിദ്ര്യം ഉന്മൂലനം ചെയ്യുന്നതിനും സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ പ്രാപ്തമാക്കുന്നതിനും സെറ്റിൽമെന്റ് കുടുംബം അടിസ്ഥാനമാക്കി സൂക്ഷ്മതല പദ്ധതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | **ഉണ്ട്. ഊരുകളിലും/ഊരിന് പുറത്തുമുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെയും കുടുംബാധിഷ്ഠിത സർവ്വേ നടത്തി ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സൂക്ഷ്മതല ആസൂത്രണം മുഖേന പദ്ധതികൾ രൂപീകരിച്ച് സമഗ്ര വികസനം നടപ്പിലാക്കുന്നതിനായി ഹോം എന്ന പേരിൽ ഒരു പദ്ധതി ഈ സർക്കാർ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് എല്ലാ മേഖലകളിലും ആവശ്യാധിഷ്ഠിതമായ ക്ഷേമവും വികസനവും സാധ്യമാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. നിലവിലുള്ള സ്കീമുകളെ പരമാവധി സംയോജിപ്പിച്ച് പദ്ധതി നടപ്പിലാക്കാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.** |
| (ബി) | ആയതിനാവശ്യമായ സാമൂഹിക, സാമ്പത്തിക സർവേ പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | **സാമൂഹിക സാമ്പത്തിക സർവ്വെ പൂർത്തിയായിട്ടില്ല.** |
| (സി) | പദ്ധതിയുടെ ആദ്യഘട്ടത്തിൽ എത്ര സെറ്റിൽമെന്റുകളെ ഉൾപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | **ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ കീഴിൽ 3 സെറ്റിൽമെന്റുകളിൽ എന്ന പ്രകാരം ആദ്യഘട്ടത്തിൽ ആകെ 162 സെറ്റിൽമെന്റുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.** |
| (ഡി) | സെറ്റിൽമെന്റുകൾക്കുപുറത്ത് താമസിക്കുന്ന അതിദരിദ്രരായ പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കൂടി പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | **സൂക്ഷ്മതല പദ്ധതിയിൽ ഊരുകളിലും/ഊരിന് പുറത്തുമുള്ള പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എല്ലാ മേഖലകളിലും ആവശ്യാധിഷ്ഠിതമായ ക്ഷേമവും വികസനവും സാധ്യമാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.** |

സെക്ഷൻ ഓഫീസർ